# കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം-സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് / സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്/യു.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

---

ഉത്തരവ് നമ്പർ:C3/2788/2019/DCEതിരുവനന്തപുരം തീയതി:14.02.2021

---

*പരാമർശം:*-1.സ.ഉ(പി) നം.7/2016/ഫിൻ തിയതി 20.01.2016

2.12.10.2020 തിയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള സി2/22493/2016/കോ.വി.വ നമ്പർ ഉത്തരവ്

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ മണിമലക്കുന്ന് ഗവൺമെന്റ് കോളേജിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ആയിരുന്ന ശ്രീമതി.ശ്രീദേവി കെ.സി 28.02.2020 ന് സർവീസിൽ നിന്ന് വിരമിച്ചതിനാൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ ഒരു ഒഴിവ് ഉണ്ടായിട്ടുണ്ട്.

മേല്പറഞ്ഞ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവിൽ ചുവടെ പറയുന്ന സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റിനെ 27800-59400/-രൂപ ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി കെ.എസ് & എസ്.എസ്.ആർ പാർട്ട് II റൂൾ 28 പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമനം. | പേര്,സ്ഥാപനം | പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ (അനുബന്ധം II ലെ)ക്രമനം | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകുന്ന പ്രാബല്യ തിയതി |
|---|---|---|---|
| 1 | ശ്രീമതി.സുനില ടി സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് കോഴിക്കോട് | 06 | 01.03.2020 |

പരാമർശം(2) ഉത്തരവ് പ്രകാരം ഒല്ലൂർ ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീ.ഡിവേഗ് സി.ഡേവിസിന് യു.ഡി.ക്ലർക്കായി തസ്തികമാറ്റം അനുവദിച്ചതുമുഖേനയും ശ്രീമതി.സുനില ടി , സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റിന് സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം അനുവദിച്ചതുമുഖേനയും സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ രണ്ട് ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഈ ഒഴിവുകളിൽ ചുവടെ പറയുന്ന യു.ഡി.ടൈപ്പിസ്റ്റുമാരെ 26500-56700/-രൂപ ശമ്പള സ്കെയിലിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി കെ.എസ് & എസ്.എസ്.ആർ പാർട്ട് II റൂൾ 28 പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമനം. | പേര്,സ്ഥാപനം | പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ (അനുബന്ധം III ലെ)ക്രമനമ്പർ | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകുന്ന പ്രാബല്യ തിയതി |
|---|---|---|---|
| 1 | ശ്രീമതി.ലക്ഷ്മിപ്രിയ കെ.കർത്താ<br>യു.ഡി.ടൈപ്പിസ്റ്റ്<br>കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,കോട്ടയം | 11 | 01.03.2020 (ശ്രീമതി.സുനില.ടി സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നേടിയ ഒഴിവ്) |
| 2 | ശ്രീമതി.നിഷ ടി.കെ<br>യു.ഡി.ടൈപ്പിസ്റ്റ്<br>കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, എറണാകുളം | 13<br>(ക്രമ നമ്പർ 12 ശ്രീ.രാകേഷ് കെ.ആറിന് യു.ഡി ക്ലാർക്ക് ആയി തസ്തികമാറ്റം അനുവദിച്ചിട്ടുള്ളതാണ്) | 12.01.2021 (ശ്രീ.ഡിവേഗ് സി.ഡേവിസ് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റിന് തസ്തികമാറ്റം അനുവദിച്ച ഒഴിവിൽ) |

പരാമർശം(2) ഉത്തരവ് പ്രകാരം കുളത്തൂർ ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ യു.ഡി ടൈപ്പിസ്റ്റ് ശ്രീമതി.രാജി പി.നായർ-നും കൊയിലാണ്ടി ഗവണ്മെന്റ് കോളേജിലെ യു.ഡി ടൈപ്പിസ്റ്റ് ശ്രീമതി.ലീന കെയ്ക്കും യു.ഡി.ക്ലർക്കായി തസ്തികമാറ്റം അനുവദിച്ചതും മൂഖേനയും ശ്രീമതി.ലക്ഷ്മിപ്രിയ കെ.കർത്താ,യു.ഡി.ടൈപ്പിസ്റ്റിനും, ശ്രീമതി.നിഷ ടി.കെ, യു.ഡി. ടൈപ്പിസ്റ്റിനും സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റുമാരായി സ്ഥാനക്കയറ്റം അനുവദിച്ചതുമൂഖേനയും യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ നാല് ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഈ ഒഴിവുകളിൽ ചുവടെ പറയുന്ന എൽ.ഡി ടൈപ്പിസ്റ്റുമാരെ 25200-54000/-രൂപ ശമ്പള സ്കെയിലിൽ യു.ഡി.ടൈപ്പിസ്റ്റുമാരായി കെ.എസ് & എസ്.എസ്.ആർ പാർട്ട് II റൂൾ 28 പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമനം. | പേര്,സ്ഥാപനം | പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ (അനുബന്ധം IVലെ)ക്രമനം | യു.ഡിടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകുന്ന പ്രാബല്യ തിയതി |
|---|---|---|---|
| 1. | ശ്രീമതി.സ്മിത പി<br>എൽ.ഡി ടൈപ്പിസ്റ്റ്<br>ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് ഉദുമ | 14 | 01.03.2020 (ശ്രീമതി.ലക്ഷ്മിപ്രിയ കെ.കർത്താ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നേടിയ ഒഴിവ്) |
| | | | |

| | | | |
|---|---|---|---|
| 2. | ശ്രീമതി.രേഖ എം<br>എൽ.ഡി ടൈപ്പിസ്റ്റ്<br>ഗവണ്മെന്റ് കോളേജ് ചൊക്ലി<br>തലശ്ശേരി | 15 | 17.10.2020<br>(ശ്രീമതി.രാജി പി.നായർ, യു.ഡി ടൈപ്പിസ്റ്റിന് തസ്തികമാറ്റം അനുവദിച്ച ഒഴിവിൽ) |
| 3 | ശ്രീമതി.ഷീന എം<br>എൽ.ഡി ടൈപ്പിസ്റ്റ്<br>കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,കോഴിക്കോട് | 16 | 03.11.2020<br>(ശ്രീമതി.ലീന കെ, യു.ഡി ടൈപ്പിസ്റ്റിന് തസ്തികമാറ്റം അനുവദിച്ച ഒഴിവിൽ) |
| 4 | ശ്രീമതി.ബീന എസ്<br>എൽ.ഡി ടൈപ്പിസ്റ്റ്<br>ഗവണ്മെന്റ് കോളേജ് മലപ്പുറം | 17 | 12.01.2021<br>(ശ്രീമതി.നിഷ ടി.കെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നേടിയ ഒഴിവ്) |

ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിലവിലെ ചട്ടങ്ങൾക്കും സൂചന (1) ഉത്തരവിനും വിധേയമായി സ്ഥാപനമേധാവികൾ ശമ്പള നിർണ്ണയം നടത്തുകയും ബന്ധപ്പെട്ട രജിസ്റ്ററുകളിലും സേവന പുസ്തകങ്ങളിലും ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ സേവനമനുഷ്ഠിക്കുന്ന സ്ഥാപനങ്ങളിലെ ടൈപ്പിസ്റ്റ് തസ്തിക സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ തസ്തികയിലേക്ക് ഉയർത്തി ഉത്തരവാകുന്നു.

# Approval Valid

Digitally Approved By
ഷൂജ ആർ
Date: 14.02.2021
Reason: Approved

Sd/-
ഷൂജ ആർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
0471-2305547
srao.colledn@kerala.gov.in

സ്വീകർത്താവ്,

1) ബന്ധപ്പെട്ട ജീവനക്കാർക്ക്
2) ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
3)സി.എ-ഡയറക്ടർ/അഡീഷണൽ ഡയറക്ടർ /സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ ഫിനാൻസ് ഓഫീസർ
4.സി 5 സെക്ഷൻ
5.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.